(5) കടൽക്ഷോഭം തടയാൻ പുലിമുട്ട് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.കെ. നാണു : സർ, കടൽഭിത്തി പുതുതായി നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി വർഷംതോറും കോടിക്കണക്കിനു രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരു പരിധിവരെ കടലാക്രമണം തടയാൻ സഹായിക്കുന്നുമുണ്ട്. കടലാക്രമണത്തിന്റെ ഫലമായി വടകരയിലെ കടലോരത്തെ പല വീടുകളും തകരാൻ പോകുന്നു എന്നുള്ള വാർത്തയും കടലോരത്ത് താമസിക്കുന്ന ജനങ്ങളുടെ ഉൽക്കണ്ഠയും പ്രകടിപ്പിച്ചുകൊണ്ടാണ് ഇന്നത്തെ പത്രങ്ങൾ പുറത്തുവന്നത്. ഒരു ഗുരുതരമായ അവസ്ഥയാണ് ഇന്നും അവിടെ. കോടിക്കണക്കിനു രൂപ കടൽഭീത്തിക്കുവേണ്ടി ചെലവഴിച്ചിട്ടും കടലോരങ്ങളിൽ ഗുരുതരമായ അവസ്ഥ നിലനിൽക്കുകയാണ്. ഞങ്ങളുടെ നാട്ടിൽ ഇതുമായി ബന്ധപ്പെട്ടുള്ള പ്രശ്നമുണ്ട്. പണ്ടുകാലത്ത് കടലിൽ വലയിട്ടതിനുശേഷം കരയിലിരുന്ന് കയർ ഉപയോഗിച്ച് മത്സ്യങ്ങളെ പിടിക്കാൻ അവസരം ഉണ്ടായിരുന്നു. വടകര, കൊയിലാണ്ടി നിയോജകമണ്ഡലങ്ങളിലൊക്കെ കടലോരങ്ങളിൽ സ്ഥിരമായി അത്തരം മത്സ്യബന്ധനം നടത്തുന്ന സ്ഥിതിയുണ്ടായിരുന്നു. ഇന്ന് കടൽഭിത്തി കഴിഞ്ഞാൽ കടൽ എന്നുള്ള നില വന്നിരിക്കുകയാണ്. അതുകൊണ്ട് പരമ്പരാഗതമായി കടലോരത്ത് മത്സ്യബന്ധനം നടത്തിയിരുന്ന പല മാർഗ്ഗങ്ങളും ഇന്നുപയോഗിക്കാൻ കടൽത്തൊഴിലാളികൾക്ക് സാധിക്കുന്നില്ല. മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ പലതും കടലാക്രമണത്തിന്റെ ഫലമായി തകരാൻ പോകുന്നു. കടലോരത്തുള്ള ജനങ്ങളിൽ ഇന്ന് ഭീതി നിലനിൽക്കുന്നു. ഇതുസംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. കുറച്ചുകാലങ്ങൾക്കു മുമ്പ് കടലിൽ പുലിമുട്ട് എന്നുപറയുന്ന സമ്പ്രദായത്തിൽ കല്ലിട്ടിരുന്നു. അതിന്റെ ഫലമായി കുറെ കര ലഭിച്ചിരുന്നു. അങ്ങനെ കര ലഭിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് വള്ളം അവിടെ വയ്ക്കാനും അവരുടെ പ്രദേശത്തുതന്നെ മത്സ്യബന്ധനം നടത്താനും സഹായകമായിരുന്നു. ഇപ്പോഴാണെങ്കിൽ വള്ളങ്ങൾ ബോട്ടുകൾ ആയാലും ചോമ്പാൽ ഫിഷിംഗ് ഹാർബറിൽ പോയി മത്സ്യബന്ധനം നടത്തേണ്ട സ്ഥിതിയാണ്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് അടിയന്തിരമായി കടലിൽ പുലിമുട്ട് സ്ഥാപിച്ച് കടൽക്ഷോഭം തടയുന്നതിനും മത്സ്യത്തൊഴിലാളികൾ ആഗ്രഹിക്കുന്നതുപോലെ പൂഴിയും മണലും വന്നടിഞ്ഞ് കര വരാനും വള്ളങ്ങളും മറ്റും സൂക്ഷിക്കാനും അതുവഴി പണ്ടുകാലത്ത് ഉണ്ടായിരുന്നതുപോലെ കരയിലിരുന്നുതന്നെ കടലിൽ വലയിട്ട് ചവിട്ടുവല എന്നുപറയുന്ന രൂപത്തിൽ മത്സ്യം പിടിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. അതുപോലെതന്നെ വടകരയിലും പരിസരപ്രദേശങ്ങളിലും കടലാക്രമണത്തിന്റെ ഫലമായി വീടുകൾ തകർന്നുകൊണ്ടിരിക്കുന്നതിനാൽ ആ ഗുരുതരാവസ്ഥയിൽ നിന്നും മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കാനുള്ള അടിയന്തിര നടപടികളും ഉണ്ടാകണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കേരളത്തിലെ കടൽത്തീര സംരക്ഷണത്തിനായി പുലിമുട്ട് നിർമ്മാണ പ്രവർത്തനമാണ് ആദ്യമായി ആരംഭിച്ചത്. 1890-ൽ വർക്കല, അഞ്ചുതെങ്ങ് തീരത്താണ് പുലിമുട്ട് നിർമ്മാണം ആദ്യമായി ആരംഭിച്ചത്. അതിനെത്തുടർന്ന് 1910, 1936, 1940 കാലഘട്ടങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിനുവേണ്ട ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും വിപുലമായ തോതിൽ തീര

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തുടങ്ങിയത് 1959-നു ശേഷമാണ്. 1959-ൽ പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ നിർദ്ദേശിച്ച ഡിസൈൻ അനുസരിച്ചുള്ള കരിങ്കൽ പുലിമുട്ടുകളുടെയും കടൽഭിത്തികളുടേയും നിർമ്മാണം ആരംഭിച്ചു. എന്നാൽ കടൽക്ഷോഭം ചെറുക്കുന്നതിന് പര്യാപ്തമായ അത് വളരെ ചുരുങ്ങിയ കാലം കൊണ്ടുതന്നെ നശിക്കുകയുണ്ടായി. അതിന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച ചില പ്രശ്നങ്ങളും ഇതിലുണ്ട്. മീൻപിടിത്തം പോലുള്ള പ്രശ്നങ്ങൾ ഉണ്ട് എന്നുള്ളത് ശരിയാണ്. പുലിമുട്ട് കേരള തീര സംരക്ഷണത്തിന് പറ്റിയതല്ല എന്നും തീരപ്രദേശത്തെ മണ്ണൊലിപ്പിന് ഇത് കാരണമാകുമെന്നും കണ്ടതിനെത്തുടർന്ന് പുലിമുട്ടു നിർമ്മാണം നിർത്തലാക്കാൻ നിർബന്ധിതരായി. അപ്രകാരം 1964-ൽ പുലിമുട്ടു നിർമ്മാണം നിർത്തലാക്കുകയും പരിഷ്കരിച്ച ഡിസൈൻ അനുസരിച്ച് 1969 മുതൽ കടൽഭിത്തി നിർമ്മാണം നടത്തുകയും ചെയ്തു. ഇങ്ങനെ പുതിയ ഡിസൈൻ അനുസരിച്ച് നിർമ്മിച്ച കടൽഭിത്തിയുടെ പ്രവർത്തനം ഏതാണ്ട് തൃപ്തികരമായി അനുഭവപ്പെട്ടിട്ടുണ്ട്. 1969-നു മുമ്പ് നിർമ്മിച്ച കടൽഭിത്തികളെല്ലാം പൂർണ്ണമായും തകർന്നു കഴിഞ്ഞു. അവയുടെ പുനരുദ്ധാരണ പ്രവർത്തനവും നടത്തിവരുന്നുണ്ട്. എല്ലാ കടൽഭിത്തികളും വർഷാവർഷം മെയിന്റനൻസ് നടത്തിയാൽ മാത്രമേ ഫലവത്തായി നിലനിൽക്കുകയുള്ളൂ. ഇപ്പോൾ എറണാകുളം ജില്ലയിലെ ചെല്ലാനം ദ്വീപിൽ നിലവിലുള്ള കടൽഭിത്തിയുടെ സംരക്ഷണാർത്ഥം മൺസൂൺകാലത്ത് തിരമാലകളുടെ ശക്തി കുറയ്ക്കുന്നതിനുവേണ്ടി മൂന്നു സ്ഥലങ്ങളിൽ, ആ പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് പുതിയ ഡിസൈനുകൾ അംഗീകരിച്ചുകൊണ്ട് പുലിമുട്ടു നിർമ്മാണം പരീക്ഷണാർത്ഥം നടത്തിവരുന്നുണ്ട്. ഇവ പ്രായോഗികമാണെന്ന് കണ്ടാൽ കടലാക്രമണ ഭീഷണി കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മാണം തുടരുന്നതാണ്.

(6) വാഴൂർ മണ്ഡലത്തിലെ വാകത്താനം നാലുന്നാക്കൽ കളമ്പാട്ടു ചിറത്തോട് ആഴം കൂട്ടുന്നതു സംബന്ധിച്ച്

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : സർ, ചങ്ങനാശ്ശേരി, പുതുപ്പള്ളി, വാഴൂർ എന്നീ നിയോജകമണ്ഡലങ്ങളെ സ്പർശിച്ചു കിടക്കുന്ന നിലമാണ് വാകത്താനം പാടം. ആ പാടത്തിനു നടുവെയുള്ള തോട് വളരെ ആഴമുള്ളതാണ്. ആ തോട്ടിൽ മണ്ണു വന്നു നിറഞ്ഞാൽ അത് മാറ്റിക്കളയാനുള്ള സാമ്പത്തിക മായ കഴിവ് കൃഷിക്കാർക്കില്ല. പലപ്പോഴും ആ തോട് മണ്ണ് വന്ന് മൂടുകയുണ്ടായിട്ടുണ്ട്. തോട് മൂടിക്കഴിഞ്ഞാൽ പാടത്തിൽ നിന്നും വെള്ളം ഒഴുക്കി വിടാൻ പ്രയാസമാണ്. ആ വെള്ളം ഒഴുക്കി വിട്ടില്ലെങ്കിൽ കൃഷി ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. അങ്ങനെ പല സന്ദർഭങ്ങളിലും ആ ഭാഗത്തെ കൃഷി 6 മാസത്തെ കൃഷി നഷ്ടപ്പെടുകയാണു പതിവ്. പലപ്പോഴും ഡിപ്പാർട്ടുമെന്റിനോട് ഇത് സംബന്ധിച്ച് ആവലാതി പറയാറുണ്ടെങ്കിലും പ്രയോജനമൊന്നും ഉണ്ടാകാറില്ല. നാലുന്നാക്കൽ-കളമ്പാട്ടുചിറത്തോട് എന്നുപറയുന്നത് ഒരു വലിയ തോടാണ്. അത് നികന്നു കഴിഞ്ഞാൽ പാടത്തുനിന്ന് ആ തോട്ടിലേയ്ക്ക് വെള്ളം ഒഴുക്കിക്കളയാൻ നിവൃത്തിയില്ലാത്തതുകൊണ്ട്, കൃഷി ഉപേക്ഷിക്കുകയാണ് പതിവ്. ഈ ദുഃസ്ഥിതി മാറ്റണമെങ്കിൽ ആണ്ടിൽ, അല്ലെങ്കിൽ രണ്ടാണ്ട് കൂടുമ്പോഴെങ്കിലും ഈ ആഴമേറിയ തോട്ടിലെ മണ്ണ് മാറ്റേണ്ടതായിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് അതിന് മുൻകൈയെടുത്തെങ്കിൽ മാത്രമേ നടക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly